# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അയർക്കുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം പി 12/1282/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/11/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയർക്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം പി 12/1282/21 തീയ്യതി: 19/11/2021

**കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 16-09-2021 | 29-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 29-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത എം. എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രഞ്ജിത്ത് എം., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ശിവരാജ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മോളി തോമസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ കെ. ജി. ഹരികൃഷ്ണൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനീന സൂസൻ സഖറിയ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. മുഹമ്മദ് സുനിൽ | വെറ്റിനറി സർജൻ | 01-04-2019 | 31-05-2019 |
| ഡോ. ബിജിമോൾ കെ. എം. | വെറ്റിനറി സർജൻ | 01-06-2019 | 31-07-2019 |
| ഡോ. ബിനോയി പി. മാത്യു | വെറ്റിനറി സർജൻ | 01-08-2019 | 12-01-2020 |
| ഡോ. രഞ്ജു ആന്റെണി | വെറ്റിനറി സർജൻ | 13-01-2020 | 31-03-2020 |
| ഡോ. രേഖ ആർ. | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. അനു ജോസഫ് കെ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. വി. ജി. ജയരാജ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 11-12-2019 |
| ഡോ. ദീപ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 12-12-2019 | 31-03-2020 |
| സുമ സി. എസ്. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| റഷീദ വി. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 12-12-2019 | 31-03-2020 |
| കെ. ജി. | സെക്രട്ടറി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഹരികൃഷ്ണൻ | | | |
| രശ്മി എസ്. നായർ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 31-07-2019 |
| നടരാജ സുന്ദരം | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 05-08-2019 | 13-08-2019 |
| റിതിൻ ജോസഫ് | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 14-08-2019 | 31-03-2020 |
| എസ്. എസ്. ശോഭന | ഹെഡ്മാസ്റ്റർ, ഗവ. യു. പി. എസ്.-ആറുമാനൂർ | 01-04-2019 | 31-03-2020 |
| ജയലക്ഷ്മി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഷീജാബീവി പി. എച്ച്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 23-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 22-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 23-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 23-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-4 |
| 5 | പദ്ധതി അവലോകലനം<br>Written By: A Indulekha (Audit Officer, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Ranjith M (Senior Grade Auditor, On 28-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Joshy Thomas (Auditor, On 27-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 26-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 23-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-10 |
| 11 | കെട്ടിടത്തിന് കുറഞ്ഞ നിരക്കിലും വിസ്തീർണ്ണം കുറവായി കണക്കാക്കിയും വസ്തുനികുതി നിർണ്ണയിച്ചു-പഞ്ചായത്തിന് നികുതി വരുമാനം നഷ്ടമായി<br>Written By: Sivaraj P (Senior Grade Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 1-11 |
| 12 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 1-12 |
| 13 | വാടക/ലേലം സംബന്ധിച്ച അപാകതകൾ<br>Written By: Joshy Thomas (Auditor, On 30-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-13 |
| 14 | ലൈഫ് മിഷൻ KURDFC വായ്പ-441,176/-രൂപയുടെ തിരിച്ചടവ് അക്കൗണ്ട് ചെയ്തില്ല<br>Written By: Sivaraj P (Senior Grade Auditor, On 03-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 1-14 |
| 15 | ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-15 |
| 16 | തൊഴിലുറപ്പ് പദ്ധതി-ലക്ഷ്യപ്രാപ്തി സംബന്ധിച്ച്<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-16 |

| | | |
|---|---|---|
| 17 | സമഗ്ര ശിക്ഷ കേരള എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതു സംബന്ധിച്ച്<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-17 |
| 18 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിലയിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Sunitha M S (Senior Grade Auditor, On 01-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-18 |
| 19 | ആസ്തി പരിപാലനം<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-19 |
| 20 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല<br>Written By: A Indulekha (Audit Officer, On 02-10-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 19-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| | Written By: Sivaraj P (Senior Grade Auditor, On 17-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 16-09-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 18-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23/02/2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 30,962,539/- | 27,467,448/- |
| വരവ് | 193,187,700/- | 71,697,961/- |
| ആകെ | 224,150,239/- | 99,165,409/- |
| ചെലവ് | 220,521,760/- | 66,715,705/- |
| നീക്കിയിരിപ്പ് | 3,628,479/- | 32,449,704/- |

ബജറ്റ് പ്രകാരം 19.3 കോടി രൂപയുടെ പ്രതീക്ഷിത വരവും 22.05 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 10.44 കോടി രൂപയും ചെലവ് 10.22 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 104,392,185/- രൂപയും ചെലവ് 102,175,359/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 2,216,826/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 87,678,506/- രൂപയും ബാധ്യതകളുടെ മൂല്യം 60,852,329/- രൂപയും ജനറൽ ഫണ്ട് 26,826,177/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2. പഞ്ചായത്ത് ജനറൽ ഫണ്ടിൽ 41900035/27.06.2019 ജേർണൽ വൌച്ചർ പ്രകാരം 139,935/- രൂപ ക്രമീകരിച്ചതിന്റെ ആധികാരികത വ്യക്തമല്ല. പഞ്ചായത്ത് ജനറൽ ഫണ്ട് അക്കൌണ്ടിങ്ങിലൂടെ ക്രമീകരിക്കാൻ പാടില്ലാത്ത ശീർഷകമായിരുന്നു.

3. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. 320700204, 320700205, 320700405, 320800101 ശീർഷകങ്ങളിൽ 31/03/2020 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം എ.സി.ആർ.-ൽ ലഭ്യമല്ല.

4. സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനുള്ള ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ 46.85 ലക്ഷം രൂപ വായ്പ അക്കൗണ്ട് സ്ക്രോൾ പ്രകാരമുള്ള തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

5. സംയുക്ത പ്രോജക്ടിനായി ജില്ലാ-ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് സാംഖ്യ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

7. 31/03/2020-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800119 ശീർഷകത്തിലെ 84,157/- രൂപ, 350800299 പ്രകാരം 4.5 ലക്ഷം രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.

8. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. SGST,CGST അക്കൗണ്ട് ചെയ്യുന്ന ശീർഷകങ്ങൾ നെഗറ്റീവ് തുക നീക്കിയിരിപ്പ് അക്കൗണ്ടിങ്ങ് അപാകത വ്യക്തമാക്കുന്നു.

9. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.

10. 410800101-Other Fixed Assets ശീർഷകത്തിലെ 31/03/2020-ലെ ആകെ ആസ്തിമൂല്യം 379,600/- രൂപയാണ്. പ്രസ്തുത ആസ്തിയുടെ മൂല്യശോഷണം ആസ്തിയിൽ അധികരിച്ചതായി കാണുന്നു. 411800101-Accumulated Depreciation-Other Fixed Assets പ്രകാരം മൊത്ത മൂല്യ ശോഷണം 528,911/- രൂപയാണ്.

11. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

12. 430100102-Purchase Of Material-Stores ശീർഷകത്തിലെ 9,600/- രൂപ സ്റ്റോക്ക് നീക്കിയിരിപ്പിന്റെ കൃത്യത അനുബന്ധരേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ വ്യക്തമല്ല.

13. ട്രഡർ-സ്ഥാപന തൊഴിൽ നികുതിയിനത്തിൽ 31/03/2020-ൽ ലഭിക്കാനുള്ള 49,000/- രൂപ ഏതെല്ലാം ട്രേഡർ-സ്ഥാപനങ്ങളാണ് ഒടുക്കാനുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിൽ വിശദാംശമില്ല.

14. ലഭിക്കാനുള്ള ലൈബ്രറി സെസ്സ് തുക ക്രമീകരിക്കുന്ന 431910101 ശീർഷകത്തിൽ നെഗറ്റീവ് നീക്കിയിപ്പിന് പകരം പോസിറ്റീവ് നീക്കിയിരിപ്പ് അക്കൗണ്ടിങ്ങ് അപാകതയായി നിലനിൽക്കുന്നു.

15. 2019-20 വർഷം റോഡ് കോൺക്രീറ്റ്, ടാറിങ്ങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete, 410300102-Roads-Tarred ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. റോഡ് ആസ്തി സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവുകൾ 252200101-Roads-General എന്ന ശീർഷകത്തിൽ റവന്യൂ ചെലവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നതായി കാണുന്നു. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.

16.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

17. 350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

18. പഞ്ചായത്ത് 2019-20 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിലും, വാട്ടർ അതോറിറ്റിയിലും നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

19. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

20. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

21. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

22.വെറ്റിനറി സർജന്റെയും സെക്രട്ടറിയുടെയും തനതുഫണ്ട് വിഹിതം വകയിരുത്തിയ പ്രോജക്റ്റുകളിൽ ചെലവുവിഹിതം പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തനത് ഫണ്ട് ചെലവുകൾ RP-15 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 27,467,448/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71,697,961/- |
| ആകെ | 99,165,409/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66,715,705/- |
| നീക്കിയിരിപ്പ് | 32,449,704/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 723,056/- |

## 1-4 ഫണ്ട് വിനിയോഗം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 20,986,000/- | 20,986,000/- | 13,596,700/- | 7389300/- | 64.78 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 8,551,000/- | 8,551,000/- | 4929751/- | 3621249/- | 57.65 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 256,000/- | 256,000/- | 191,326/- | 64,674/- | 74.74 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 12,973,000/- | 12,973,000/- | 6,231,609/- | 6,741,391/- | 48.04 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 21,328,000/- | 21,328,000/- | 8,054,555/- | 13,273,445/- | 37.77 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 5,033,000/- | 5,033,000/- | 1,979,774/- | 3,053,226/- | 39.34 |
| സമ്പൂർണ്ണ ശുചിത്വ | 0 | 240,000/- | 240,000/- | 0 | 240,000/- | - |

| | | | | | | |
|---|---|---|---|---|---|---|
| പരിപാടി | | | | | | |
| ICDS ഫണ്ട് | 794,678/- | 861,245/- | 1,655,923/- | 516,627/- | 1,139,296/- | - |
| പ്രത്യേക ഗ്രാന്റ്(ക്ഷേത്രം) | 420,255/- | 0 | 420,255/- | 268,937/- | 151,318/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 500,000/- | 6,250/- | 506,250/- | 0 | 506,250/- | - |
| പ്രത്യേക ഫണ്ട് | 103,650/- | 0 | 103,650/- | 103,650/- | 0 | - |
| സമ്പൂർണ്ണ സാനിട്ടേഷൻ ഫണ്ട് | 447,000/- | 0 | 447,000/- | 0 | 447,000/- | - |
| പ്രത്യേക ഫണ്ട് | 0 | 9,211/- | 9,211/- | 9,211/- | 0 | - |

ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ ബജറ്റ് വിഹിതത്തിൽ അധികരിച്ച് 3,199/- രൂപ അലോട്ട്മെന്റ് ലഭിച്ചതായി ACR-ൽ കാണുന്നു. വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി. ഫണ്ടുകളിൽ സംസ്ഥാന ബജറ്റ് വിഹതത്തിനു പുറമേ 12/12/2019-ലെ സ.ഉ.(സാധാ) നം.9823/2019/ധന പ്രകാരം യഥാക്രമം 40.12 ലക്ഷം, 13.25 ലക്ഷം രൂപ വീതം ആകെ 53.37 ലക്ഷം രൂപ പ്രളയ ഫണ്ടായി അലോട്ട്മെന്റ് ലഭിച്ചിരുന്നു. പ്രളയ ഫണ്ട് ഉൾപ്പടെയുള്ള ഫണ്ടാണ് മേൽ പട്ടികയിൽ അലോട്ട്മെന്റായി ചേർത്തിരിക്കുന്നത്. വികസന ഫണ്ടിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം ജി.ഓ. പ്രോജക്ടുകൾക്കായി അലോട്ട്മെന്റിൽ ക്രമീകരിച്ച തുകയാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ACR പ്രകാരം അലോട്ട്മെന്റ് | ജി.ഓ. പ്രോജക്ട് നം. | ബജറ്റ് അലോട്ട്മെന്റ് | പ്രളയ ഫണ്ട് | ആകെ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 15,882,836/- | 228/20-722,700/-, 404/20-817/- 367,647/- ആകെ-1,091,164/- | 16,974,000/- | 4,012,000/- | 20,986,000/- |
| വികസന ഫണ്ട്-SCP | 7,152,471/- | ആകെ-73,529/- | 7,226,000/- | 1,325,000/- | 8,551,000/- |

- വികസന ഫണ്ട്-പൊതുവിഭാഗം 404/20 നം. പ്രോജക്ട് ചെലവ് 817/- രൂപ ധനകാര്യ പത്രികയിലും എ.സി.ആർ.-ലും പ്രതിഫലിച്ചില്ല.
- KURDFC ലോൺ തിരിച്ചടവ് പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയില്ല. പ്രസ്തുത തുക വാർഷിക കണക്കിലും ഉൾപ്പെടുന്നില്ല. ജി.ഓ. പ്രോജക്ട് പ്രകാരം 367,647/- രൂപ വികസന ഫണ്ട്-പൊതുവിഭാഗത്തിൽ കുറവു ചെയ്തും 73,529/- രൂപ വികസന ഫണ്ട്-SCPൽ കുറവു ചെയ്തും ആകെ 441,176/- രൂപ
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്,പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകലനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 06.10.2018 -ൽ നടക്കുകയുണ്ടായി.പദ്ധതിരൂപീകരണഗ്രാമസഭ 17.11.2018 മുതൽ 18.11.2018 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 30.11.2018 ലെ

വികസനസെമിനാറിൽ പദ്ധതി നിർദേശങ്ങൾ അന്തിമമാക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 05.12.2018ലെ യോഗം വാർഷികപദ്ധതിക്ക് അന്തിമാംഗീകാരം നല്കുകയും ചെയ്തു.വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 22.12.2018-ലെ 2707/18/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| **334** | **147559159** | **185** | **49117687** | 42 | 107 | 55 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ഉദ്പാദനമേഖലയിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ തരിശുഭൂമി കൃഷിയോഗ്യമാക്കിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപതികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാര സാധനങ്ങളുടെ ഗുണനിലവാരം ടെസ്റ്റുചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല.

വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 10 | 2977223 | 533656 | 18 |
| വെറ്ററിനറി സർജൻ | 7 | 4 | 9876000 | 459225 | 5 |
| എം.ഒ (പിഎച്ച്സി) | 3 | 3 | 550000 | 549982 | 99.9 |
| എം.ഒ(ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| എം.ഒ (ആയുർവേദം) | 2 | 2 | 330000 | 328686 | 99.6 |
| വി ഇ ഒ l | 18 | 12 | 45278811 | 11643292 | 26 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 5 | 5570300 | 4044891 | 73 |
| സെക്രട്ടറി | 44 | 30 | 19117566 | 9597005 | 50 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 214 | 98 | 56464740 | 17494229 | 31 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 1 | 2066425 | 66425 | 3 |
| ഹെഡ്മാസ്റ്റർ | 10 | 7 | 3729312 | 2955950 | 79 |
| അസിസ്റ്റന്റ് | 12 | 12 | 1548782 | 1394396 | 90 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | | | | | |
| **ആകെ** | **334** | **185** | **147559159** | **49117687** | **33** |

അംഗീകാരം കിട്ടിയ 334പ്രോജക്കുകളിൽ **185**എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 33 ശതമാനമാണ് ചെലവ്. നൂതന പ്രോജക്കുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല. ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായ പ്രോജക്ട്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

**<u>മരാമത്ത് പ്രവൃത്തികൾ</u>**

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട പൂർത്തീകരണപ്രവൃത്തികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്കുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്ടിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല.പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 214പ്രോജക്കുകളിൽ 50% പ്രോജക്കുകൾ പോലും തൻവർഷം പൂർത്തീകരിച്ചില്ല. .ആകെ അംഗീകാരം ലഭിച്ച 214 പ്രോജക്കുകളിൽ 116എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്.അതായത് 116 എണ്ണവും നടപ്പാക്കിയില്ല.ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്കുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്.ഇപ്രകാരം നിരവധി പ്രോജക്കുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം,ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത ,തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

<u>ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല</u>

തൻവർഷം ടെണ്ടർ ചെയ്ത 98 പ്രവൃത്തികളിൽ 53 എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് 2 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തേണ്ടതാണ്. ഓഡിറ്റ് നിരീക്ഷണം ഭരണ സമിതിയുടെയും കമ്മറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും ടെണ്ടറുകൾ സംബന്ധിച്ച് കൂടുതൽ ഇടപെടലുകൾ നടത്തി സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കി അറിയിക്കേണ്ടതുമാണ്.

പ്രോജക്കുകളുടെ ഫലപ്രാപ്തി,പൂർത്തീകരണം,നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ,രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

ലോക്ഡൗണിനെ തുടർന്ന് ബില്ലുകൾ യഥാസമയം മാറുന്നതിന് സാധിക്കാതിരുന്നതിനാലും സമയബന്ധിതമായി പ്രോജക്കുകൾ നടപ്പാക്കാതിരുന്നതിനാലും ഗ്രാമപഞ്ചായത്തിന് സർക്കാർ ഗ്രാന്റിനത്തിൽ താഴെപ്പറയും പ്രകാരം ആകെ **3.4 കോടി** രൂപ ലാപ്സായിട്ടുണ്ട്

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 20,986,000/- | 13,596,700/- | 7389300/- |
| | | | |

| | | | |
|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി. | 8,551,000/- | 4929751/- | 3621249/- |
| വികസന ഫണ്ട്-ടി.എസ്.പി. | 256,000/- | 191,326/- | 64,674/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 12,973,000/- | 6,231,609/- | 6,741,391/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 21,328,000/- | 8,054,555/- | 13,273,445/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 5,033,000/- | 1,979,774/- | 3,053,226/- |
| | | | **34143285** |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 ലേബർ ബജറ്റ് പ്രകാരം ആകെ 279 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 276 പദ്ധതികളിൽ242എണ്ണം പൂർത്തീകരിച്ചു. 2019-20 വർഷം 20 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 40038തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2019-20 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 51.13 ആണ്. 783കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ ,കിണർ നിർമ്മാണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ടി കണക്കുകൾ വാർഷികകണക്ക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12548470 | 12548470 | 12548470 | 0 |
| കാഷ് | 42002.40 | 794042 | 836044 | 516880 | 319164 |
| ആകെ | 42002.40 | 13342512 | 13384514 | 13065350 | 319164.40 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം അയർക്കുന്നം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24,960/- | 14 |
| വാർദ്ധക്യകാലപെൻഷൻ | 16,073,100/- | 2766 |
| കർഷകതൊഴിലാളി പെൻഷൻ | 2,628,600/- | 479 |
| വിധവാപെൻഷൻ | 7,206,600/- | 1260 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 404,400/- | 69 |
| വികലാംഗപെൻഷൻ | 2,195,200/- | 392 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 16/09/2021-ന് 03:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 9,479/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം**

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

**2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)**

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

**3) ക്യാഷ്, ബാങ്ക് നിയന്ത്രണം**

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

**4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

**5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം**

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റവർഷം ഒറ്റ കമ്മറ്റി പോലും കൂടിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തിയതായിവ്യക്തമല്ല.

**6) പേ റോൾ നിയന്ത്രണം**

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

**7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

**8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല**

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>**

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/08/2021 | 04/2021 – 06/2021 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ് | 25/01/2014-06/02/2014 | 2009-10 മുതൽ 2013-14 വരെ | എൽ.ബി.എ(എച്ച്.ക്യൂ)/II/8/2223/322/05/2015 തീയതി 02/01/2015 |

**<u>1-11 കെട്ടിടത്തിന് കുറഞ്ഞ നിരക്കിലും വിസ്തീർണ്ണം കുറവായി കണക്കാക്കിയും വസ്തുനികുതി നിർണ്ണയിച്ചു- പഞ്ചായത്തിന് നികുതി വരുമാനം നഷ്ടമായി</u>**

ലിയോണി ജസ്റ്റിൻ & ലിയോ ഫ്രാൻസിസ്, കട്ടോംപറമ്പിൽ, കൊങ്ങാണ്ടൂർ എന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് 5-ാം വാർഡിലെ 104/A മുതൽ 104/H വരെയായി നമ്പർ നൽകിയിരിക്കുന്നത് ഒരേ കെട്ടിടത്തിലെ 8 ഷട്ടർ മുറികളാണ് ഇവ എന്ന് സഞ്ചയ വസ്തുനികുതി മൊഡ്യൂളിൽ കാണുന്നു. ആകെ വിസ്തീർണ്ണം 248.32 ആയി കണക്കാക്കി 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 30/- രൂപയാണ് കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്(സഞ്ചയ). പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ആകെ Plinth Area 270.29 ചതുരശ്ര മീറ്റർ എന്നാണ് ഫയലിൽ കാണുന്നത്. 8 ഷട്ടർ മുറികളും ഒരേ കെട്ടിടമായതിനാൽ 100 ചതുരശ്ര മീറ്റർ മുകളിലുള്ള കെട്ടിടങ്ങൾക്കുള്ള നികുതി നിരക്കായ 50/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

നികുതി നിർണ്ണയിച്ചപ്പോൾ നിരക്ക് 50/- രൂപയ്ക്കു പകരം 30/- രൂപ കാറ്റഗറിയിൽ നികുതി നിർണ്ണയിച്ചതിനാലും Plinth Area കണക്കാക്കിയത് കംപ്ലീഷൻ പ്ലാനിലെ 270.29 ചതുരശ്ര മീറ്ററിൽ നിന്നും കുറവ് കണക്കാക്കിയതും മൂലം പഞ്ചായത്തിന് ഭീമമായ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്.

| നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|
| അടിസ്ഥാന നികുതി<br>248.32X30 = 7,450/-<br>വർദ്ധനവ്-20%=1490/-<br>നികുതി=7,450/-+1,490/-<br>=8,940/-<br>സർവ്വീസ് സെസ്സ്=894/-<br>ലൈബ്രറി സെസ്സ്=447/- | അടിസ്ഥാന നികുതി<br>270.29X50 = 13,515/-<br>വർദ്ധനവ്-20%=2,703/-<br>നികുതി=13,515/-+2,703/-<br>=16,218/-<br>സർവ്വീസ് സെസ്സ്=1,622/-<br>ലൈബ്രറി സെസ്സ്=811/- |

വസ്തുനികുതിയിനത്തിൽ പ്രതിവർഷം 7,278/- സർവ്വീസ് സെസ്സ് 728/- ലൈബ്രറി സെസ്സ് 364/- എന്നിങ്ങനെ 2019-20 സപ്ലിമെന്ററി അസ്സസ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള ടി കെട്ടിടം അസ്സസ്മെന്റ് നടത്തിയ 2014 വർഷം മുതൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. പഞ്ചായത്ത് വസ്തുനികുതി നിർണ്ണയത്തിലെ അപാകതയ്ക്കും നികുതി നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2019-20/24.09.2021) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയ അപാകത പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുമെന്ന് വ്യക്തമാക്കി.

നികുതി പുനർനിർണ്ണയിച്ച് പ്രാബല്യ തീയതി മുതലുള്ള നികുതി നഷ്ടം ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. ഗ്രാമ പഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ (FTEAO) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷം താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം |
|---|---|---|
| 1 | ടി.ജോൺ,തടമുറിയിൽ | ഡെന്റൽ ക്ലിനിക് |
| 2 | പി.എസ്.ഗോപി,തേക്കനാംകുന്നേൽ | മത്സ്യ വ്യാപാരം |
| 3 | ജോമോൻ ജോസഫ്,കല്ലിടിക്കൽ | മത്സ്യവ്യാപാരം |
| 4 | കെ.ജി.സുനിൽകുമാർ,കുട്ടമേൽത്താഴെ | ഉദയ ടൈംസ് |
| 5 | പ്രദീപ് പുന്നമറ്റം | ബേക്കറി |
| 6 | കെ.വി.ജോർജ്,കല്ലറയ്ക്കൽ | പച്ചക്കറി വ്യാപാരം |
| 7 | രാജേഷ്,തൈക്കുട്ടത്തിൽ | ടീ ഷോപ്പ് |

മേൽ സ്ഥാപനങ്ങളെല്ലാം പഞ്ചായത്തിന്റെ കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്നതാണ്. മേൽ സ്ഥാപനങ്ങളിൽ ക്രമ നം.2 മുതൽ 7വരെ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കാൻ നിർദേശം കൊടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 1 ഡെന്റൽ ക്ലിനിക്കായതിനാൽ ലൈസൻസ് എടുക്കേണ്ടതില്ലെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 2017 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പട്ടിക I- ക്രമ നം. 142,143 പ്രകാരം സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ എന്നിവ ലൈസൻസെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 269 എ-ൽ ആശുപത്രി എന്നാൽ ശാരീരികമോ മാനസികമോ ആയ ഏതെങ്കിലും അസുഖമോ ക്ഷതമോ വൈകല്യമോ കാരണം ക്ലേശമനുഭവിക്കുന്ന ആളുകളെ പ്രവേശിപ്പിക്കുകയോ പാർപ്പിക്കുകയോ ചെയ്യുന്നതിനും അവർക്ക് ചികിത്സയോ, ശുശ്രൂഷയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നൽകുന്നതിനും ഉപയോഗിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും സ്ഥാപനമോ പരിസരമോ എന്നർത്ഥമാകുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ THE KERALA CLINICAL ESTABLISHMENTS(REGISTRATION AND REGULATION) ACT, 2018 പ്രകാരം ലൈസൻസെടുക്കുന്നതിന് പഞ്ചായത്തിൽ നിന്നുള്ള എസ്റ്റാബ്ലിഷ് മെന്റ് സർട്ടിഫിക്കറ്റ് സഹിതമാണ് അപേക്ഷിക്കേണ്ടത്. ആയതിനാൽ ക്ലിനിക്കുകളെ ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാക്കാനാകില്ലെന്നു കാണുന്നു. ആയത് പ്രകാരം പ്രസ്തുത സ്ഥാപനവും ലൈസൻസിന്റെ പരിധിയിൽ പെടുന്നതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുത്ത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

2. രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളോ കള്ളുഷാപ്പുകളോ ലൈസൻസെടുത്തിട്ടില്ലെന്നു കാണുന്നു. 2017 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പട്ടിക I- ക്രമ നം. 139,149 പ്രകാരം അബ്കാരി ഷാപ്പുകൾ-സംഭരണവും വിൽപ്പനയും, റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയുടെ നടത്തിപ്പ് ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അബ്കാരി ഷാപ്പുകളും റേഷൻ കടകളും ലൈസൻസെടുത്ത് പ്രവർത്തിക്കുവെന്ന് ഉറപ്പാക്കേണ്ടതാണ്.

ലൈസൻസെടുത്ത് പ്രവർത്തിക്കേണ്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വാടക/ലേലം സംബന്ധിച്ച അപാകതകൾ

1. 2019-20 വർഷത്തിൽ പഞ്ചായത്തിൽ വിവിധ ലേലങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേലത്തുകകളിന്മേൽ സർക്കാരിലേക്ക് അടവാക്കാനുള്ള ജിഎസ് ടി ഈടാക്കിയതായോ സർക്കാരിലേക്ക് അടവാക്കിയതായോ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലേല ഇനം | ലേലം കിട്ടിയ വ്യക്തി | ലേല തുക | ഈടാക്കേണ്ട ജിഎസ് ടി (18%) |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ലേലം | ബിനോ അലക്സ് | 122000 | 21960 |
| 2 | അയർക്കുന്നം ടാക്സി സ്റ്റാന്റ് | അനീഷ് പിണക്കുഴിയിൽ | 12500 | 2250 |
| 3 | പെ ആന്റ് പാർക്ക് ലോറി സ്റ്റാന്റ് | ബിനോ അലക്സ് | 33600 | 6048 |
| 4 | കംഫർട്ട് സ്റ്റേഷൻ | കമലമ്മ ഗോപി | 18500 | 3330 |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. നിയമാനുസൃതം ഈടാക്കാനുള്ള ജിഎസ് ടി ഈടാക്കി ഗവൺമെന്റിലേക്ക് അടയ്ക്കേണ്ടതാണ്.

2. ബസ് സ്റ്റാന്റ് ലേലം ലഭിച്ച ബിനോ അലക്സ്, പുന്നപ്പറമ്പിൽ അടവാക്കാനുള്ള തുകയായ 122000 രൂപയിൽ രണ്ട് ഗഡുക്കൾ 30000/-(രസീത് നം. 120020101530/തീ.16.9.20), 8900/-(രസീത് നം. 120020102381/തീ. 11.11.20) 2020-21 ലാണ് അടവാക്കിയിട്ടുള്ളത്. എന്നാൽ നിയമാനുസൃതമായി ഈടാക്കാനുള്ള പിഴപ്പലിശ ടിയാളിൽ നിന്നും ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള അന്വേഷണക്കുറിപ്പിന് (2/20.09.2021) കോവിഡ് മൂലം 2020 മാർച്ച് മാസം ബസ് സ്റ്റാന്റിൽ നിന്നും ഫീസ് പിരിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും ആയതിൽ ബാക്കി നിന്ന തുകയാണ് 2020-21 ൽ അടച്ചതെന്നും മറുപടി നൽകി. മറുപടി അംഗീകരിക്കാവുന്നതല്ല. കരാർ പ്രകാരം ലോക്ക്ഡൗൺ ആരംഭിച്ച മാർച്ച് 23 ന് മുമ്പ് പൂർണ്ണമായി അടച്ചു തീർക്കേണ്ട ലേലത്തുകയിൽ വൈകിയടച്ച രണ്ട് ഗഡുക്കളുടെ പിഴപ്പലിശ കണക്കാക്കി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ലൈഫ് മിഷൻ KURDFC വായ്പ-441,176/-രൂപയുടെ തിരിച്ചടവ് അക്കൗണ്ട് ചെയ്തില്ല

KURDFC വായ്പയിനത്തിലെ തിരിച്ചടവ് വികസന ഫണ്ടിൽ ക്രമീകരിച്ചാണ് നടത്തുന്നത്. വികസന ഫണ്ടിൽ കുറവു വരുത്തുന്ന തുക പഞ്ചായത്തുകൾ ജി.ഓ. പ്രോജക്ടാക്കി പ്ലാനിലും വാർഷിക കണക്കിലും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 ൽ ഹഡ്കോ വായ്പ തിരിച്ചടവ് ജി.ഓ. പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തിയില്ല. ആയതിനാൽ പ്രസ്തുത തിരിച്ചടവ് വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല.

| വികസന ഫണ്ട് ഉത്തരവ് | വായ്പ തിരിച്ചടവ് ജനറൽ | വായ്പ തിരിച്ചടവ് എസ്.സി.പി. | വായ്പ തിരിച്ചടവ് ആകെ |
|---|---|---|---|
| സ.ഉ.(സാധാ) നം.6105/2019/ ധന തീയതി 01/08/2019 | 183,824/- | 36,765/- | 220,589/- |
| സ.ഉ.(സാധാ) നം.10050/2019/ധന തീയതി 21/12/2019 | 183,823/- | 36,764/- | 220,587/- |
| | | | |

| | | | |
|---|---|---|---|
| ആകെ | 367,647/- | 73,529/- | 441,176/- |

441,176/- രൂപയുടെ വായ്പ തിരിച്ചടവ് അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ വായ്പയുടെ നീക്കിയിരിപ്പ് തുക കൃത്യമല്ല. വായ്പയുടെ വിശദാംശം രേഖപ്പെടുത്തുന്ന വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വായ്പ രജിസ്റ്റർ കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വായ്പയുടെ തിരിച്ചടവ് അക്കൗണ്ട് ചെയ്ത് അപാകത പരിഹരിച്ച് വിശദാംശം മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 ആർജ്ജിതാവധി സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആധികാരികമാക്കാതെ ലീവ്സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ വ്യവസ്ഥയിൽ എൻ ആർ ഇ ജി എ യിൽവിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ ചെയ്ത ഇനത്തിൽ ചുവടെ ചേർക്കുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ജീവനക്കാരൻ |
|---|---|---|
| 105 935 /03.04.2019 | 9250/- | വൃന്ദ ആർ നായർ അക്കൌണ്ടന്റ് |
| 105936 /03.04.2019 | 9250/- | ആശമോൾ കെ ഡിഅക്രഡിറ്റഡ് എൻജിനീയർ |

സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെയും അവധികണക്കുകൾ തയ്യാറാക്കി ആധികാരികമാക്കാതെയും ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് അനുമതി നൽകിയത് ക്രമപ്രകാരമല്ല. ജീവനക്കാരുടെ സേവനവിവരങ്ങളും അവധിവിവരങ്ങളും ആർജ്ജിതാവധികൾ സറണ്ടർ ചെയ്തതിന്റെ വിശദാംശങ്ങളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 1-16 തൊഴിലുറപ്പ് പദ്ധതി-ലക്ഷ്യപ്രാപ്തി സംബന്ധിച്ച്

2019-20 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിൽ ഉറപ്പുപദ്ധതിയിൽ 13342512/- രൂപ വകയിരുത്തി 107160 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരിന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 40038 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 13065350/-രൂപ ചെലവഴിക്കുകയും ചെയ്തതായി കാണുന്നു. ചെലവ് വകയിരുത്തിയ അടങ്കൽ തുകയുടെ 97.92 ആണ്. ഇതിൽതന്നെ 11115230/-രൂപ തൊഴിലാളികളുടെ വേതനം ഇനത്തിലുള്ളതും, 1433240/- രൂപ സാധന സാമഗ്രികളുടെ വിലയിനത്തിലുള്ളതും 516880/-രൂപ ഭരണ ചെലവുകൾ ഇനത്തിലുമുള്ളതുമാണ്. (31.03.2020 വരെ ഫണ്ട് ട്രാൻസ്ഫർ ഓർഡർ ആയ തുക ). ആക്ഷൻ പ്ലാൻ പ്രകാരം, എ ,ബി ,സി, ഡി വിഭാഗങ്ങളിലായി 279പ്രവൃത്തികളാണ് ആകെ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ242പ്രവൃത്തികൾ ആണ് തൻവർഷം ഏറ്റെടുത്തത്.(86.73%). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി വിഭാഗം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ %കണക്ക്. |
|---|---|---|---|---|
| 1. | എ,ജല സംരക്ഷണ പ്രവൃത്തികൾ | 89 | 64 | 71.91 |
| 2. | ബി, സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കായുള്ള | 165 | 158 | 95.76 |

| | | | | |
|---|---|---|---|---|
| | വ്യക്തിഗത ആനുകൂല്യങ്ങൾ | | | |
| 3. | സി. സ്വയം സഹായ സംഘങ്ങൾക്ക് അടിസ്ഥാന സൌകര്യങ്ങൾ | 18 | 16 | 88.89 |
| 4. | ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങൾ | 7 | 4 | 57.14 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ വകയിരുത്തിയിരുന്ന തുകയുടെ വിനിയോഗവും, കൈവരിച്ച ലക്ഷ്യപ്രാപ്തിയും തമ്മിൽ അന്തരമില്ലെങ്കിലും, അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പതിവു പ്രോജക്ടുകൾ മാറ്റി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ വ്യത്യസ്ഥമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാവശ്യമായ കാര്യക്ഷമവും സുതാര്യവുമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

## 1-17 സമഗ്ര ശിക്ഷ കേരള എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതു സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 16/20 |
| അടങ്കൽ | 7,00,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 7,00,000 |
| ബിൽ നം. തീ. | 2/12/07/2019 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.കെ .ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.07.6-3 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചതായി കാണുന്നില്ല. മാത്രമല്ല ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ പദ്ധതി നിർവ്വഹണത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഏതൊക്കെ സ്കൂളുകൾക്കായാണ് തുക നൽകിയത്, പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ സൂചിത രേഖകൾ ഹാജരാക്കുന്നതുവരെ ടിയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - വിലയിനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്

| പ്രോജക്ട് നം | 31/20 | 81/20 |
|---|---|---|
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി | അസി.സെക്രട്ടറി |
| അടങ്കൽ | 549780(വികസന ഫണ്ട്-എസ്.സി.പി) | 54978 (വികസന ഫണ്ട്-ടി.എസ്.പി) |
| ചെലവ് | 274890(ബിൽനം. 8/14.1.20) 274890(ബിൽനം. 14/31.1.20) | 54978(ബിൽനം. 11/29.3.21) |

വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന മേൽ 2 പ്രോജക്ടുകൾ പ്രകാരം 20 ലാപ്ടോപ്പുകൾ എസ്.സി. വിദ്യാർത്ഥികൾക്കായും 2ലാപ് ടോപ്പ് എസ്.ടി വിദ്യാർത്ഥിക്കായും കെൽട്രോണിൽ നിന്ന് വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് പ്രകാരം ലാപ്ടോപ്പുകളുടെ വിലയിനത്തിൽ തുക അധികം നല്കിയതായി കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| പ്രോജക്ട് നം. | വിലയിനത്തിൽ നല്കിയ തുക | ടാക്സ് ഇൻവോയ്സ് പ്രകാരം വില | അധികം നല്കിയത് |
|---|---|---|---|
| 31/20 | 20*27489-549780 | 528820 | 20960 |
| 81/20 | 2*27489 -54978 | 52882 | 2096 |
| ആകെ | | 317184 + 264518 -581702 | 23056 |

ഇപ്രകാരം 23056 രൂപ വിലയിനത്തിൽ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയതെന്നും ,പ്രൊഫോർമ ഇൻവോയ്സ് ടാക്സ് ഇൻവോയ്സ് എന്നിവയിൽ ഉണ്ടായ വ്യത്യാസം നിമിത്തം അധികമായി നല്കിയിട്ടുള്ള 23056 രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കി. വിലയിനത്തിൽ അധികം നല്കിയ 23056 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-19 ആസ്തി പരിപാലനം</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടി സ്വീകരിക്കാൻ 17.7.19 (അജണ്ട1 , തീരുമാനം 2 ) ലെ കമ്മിറ്റി അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തി തീരുമാനിച്ചെങ്കിലും

കാലികമാക്കിയിട്ടില്ല.

കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള

പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

**1-20 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല**

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം അയർക്കുന്നം ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റികൈക്കൊള്ളേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

**4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം**

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 29/05/2020-ലെ 2/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 27/08/2020-ലെ എ-1405/19 കത്ത് പ്രകാരവും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 18/09/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

**4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം**

2019-20 ൽ സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പള്ളം | 2019-20 | 2,025,920/- | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(341/20) | 460,000/- | 1,565,920/- |
| | 2019-20 | 200,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്(18/20) | 200,000/- | 0 |
| | 2019-20 | 200,000/- | വട്ടക്കാട്ടു കുടിവെള്ള പദ്ധതി, വാർഡ്-10 (188/20) | 200,000/- | 0 |
| | **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **860,000/-** | **1,565,920/-** |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത വ്യക്തമല്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ(143/20) | 362,542/- | 362,542/- | 0 |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ടാപ്പുഴ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(145/20) | 460,000/- | 0 | 460,000/- |
| കെ.എസ്.ഇ.ബി. | തറവട്ടം പടി പൊടിമറ്റം റോഡ് സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ(212/20) | 399,926/- | 0 | 399,926/- |
| കെ.എസ്.ഇ.ബി. | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ(261/20) | 6,180/- | 6,180/- | 0 |
| കെ.എസ്.ഇ.ബി. | വാർഡ്-3 സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ(403/20) | 200,000/- | 200,000/- | 0 |

നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി നൽകിയ തുകകൾ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല എന്ന് റിസീറ്റ് & പേമെന്റ് പത്രിക RP-7 ൽ നിന്നും വ്യക്തമാകുന്നു. കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 968,648/- രൂപ 460500202 ശീർഷകത്തിലും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 4.6 ലക്ഷം രൂപ 460500201 ശീർഷകത്തിലും അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അക്കൗണ്ടിങ്ങ് അപാകതകൾ പരിഹരിക്കേണ്ടതാണ്. പ്രോജക്ട് നം.143/20 പ്രകാരം 362,542/- രൂപ നിക്ഷേപിച്ചപ്പോൾ 367,549/- രൂപയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചത്. നിക്ഷേപിച്ച തുകയേക്കാൾ 5,007/- രൂപ അധികമായി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ കാരണം വ്യക്തമല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷം പ്രൊജക്ട് നമ്പർ 368/20 പ്രകാരം 8 ലക്ഷം രൂപ നിർമ്മിതി കേന്ദ്രത്തിന് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നു. ടി തുക അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതാണ്.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

പഞ്ചായത്തിന്റെ സമ്പൂർണ്ണ ഭവന പദ്ധതി വായ്പയുടെ തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയിൽ വാർഷിക കണക്കുകളിൽ നിന്നും അധികമായി 46.85 ലക്ഷം രൂപ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബാധ്യതയുണ്ട്. ഓരോ സാമ്പത്തിക വർഷവും അക്കൗണ്ടന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ട വായ്പ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. 2019-20 വർഷം വായ്പ മുതൽ തുക ബാധ്യത-തിരിച്ചടവിന്റെ വിശദാംശം വാർഷിക കണക്കും ബാങ്ക് സ്റ്റേറ്റ്മെന്റും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| 01/04/2019 മുന്നിരിപ്പ് | 7,420,000/- | 12,105,000/- | 4,685,000/- |
| 2019-20 തിരിച്ചടവ് | 1,000,000/- | 1,000,000/- | - |
| 31/03/2020 നീക്കിയിരിപ്പ് | 6,420,000/- | 11,105,000/- | 4,685,000/- |

പലിശയിനത്തിൽ 2019-20 വർഷം 1,364,197/- രൂപയും അടവാക്കിയിട്ടുണ്ട്. കൃത്യമായ രജിസ്റ്ററും കണക്കുകളും സൂക്ഷിക്കാതെയാണ് സമ്പൂർണ്ണ ഭവന പദ്ധതി വായ്പ തിരിച്ചടവും പലിശ തിരിച്ചടവും നടത്തി വരുന്നത്. സമ്പൂർണ്ണ ഭവന പദ്ധതി വായ്പ നടപടികളിലും വാർഷിക കണക്കിലും മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നു.

2019-20 വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷത്തെ KURDFC വായ്പ മുന്നിരിപ്പ് 2,282,800/- രൂപയാണ്. ജി.ഒ. പ്രോജക്ട് പ്രകാരം 441,176/- രൂപ തിരിച്ചടച്ചത് പ്രോജക്ടായി കണക്കാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നതിൽ വീഴ്ച വരുത്തി. തിരിച്ചടവ് വാർഷിക കണക്കിലും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ നീക്കിയിരിപ്പും കൃത്യമല്ല. KURDFCവായ്പ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകളിൽ കൃത്യമാക്കി വായ്പ രജിസ്റ്റർസെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ധനകാര്യ പത്രിക പ്രകാരം 1,000/- ആയിരുന്ന സ്ഥിരനിക്ഷേപത്തിലെ മുന്നിരിപ്പ്. 2019-20 വർഷം 1,000/- രൂപ ക്രമീകരിച്ചതായി കാണുന്നു. 31/03/2020-ൽ സ്ഥിരനിക്ഷേപമിനത്തിൽ നീക്കിയിരിപ്പ് ഇല്ല..

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 4,500/- രൂപ വരവുണ്ട്. ഒടുക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തുക |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 4,500/- | ലഭ്യമല്ല | 11902010913 9/13.03.2020 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-2 | 2010-11 | 2-14 | ഡെപ്പോസിറ്റ് പ്രവൃത്തി (കേരള വാട്ടർ അതോറിറ്റി) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 99,165,409/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 66,715,705/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 723,056/- |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 700,000/- | എസ്. എസ്. ശോഭന, ഹെഡ്മിസ്ട്രസ് |
| 1-18 | 23,056/- | ഷീജാബീവി പി. എച്ച്, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **723,056/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക 1-13 പ്രകാരം SGST-16,794/- CGST-16,794/-

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

**<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/09/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1977-78 | എൽ.എഫ്.കെ.പി.4-537/79/ 27.11.1979 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി6-206/98/ 09.09.2000/ 10.11.2000 | - |
| 1998-99(വരവ്) | എൽ.എഫ്.കെ.പി.6-271/00/ 06.10.2000/ 29.12.2001 | - |
| 1999-00(ചെലവ്) | എൽ.എഫ്.കെ.പി12(അദാ-2018)51(3)/15.02.2018 | 19 |
| 2000-01 & 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി6-1387/07/17.11.2008 | - |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി.12(അദാ-2018)51(4)/15.02.2018 | 01 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി6-1007/04/19.04.2008 | - |
| 2002-03(വരവ്) | എൽ.എഫ്.കെ.പി6-845/07/20.04.09/ 12.06.2009 | - |
| 2004-05 | എൽ.എഫ്.കെ.പി6-682/08 18.04.09/02.07.2009 | - |
| 2005-06 | എൽ.എഫ്.കെ.പി6-683/08/5.09.08/ 13.10.2008 | - |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.പി11-994/2011/ 10.10.2011 | - |
| 2007-08 | കെ.എസ്.എ-<br>കെ.ടി.എം.പി12(അദാ-2018)-51(6)/09.01.2018 | 5 |
| 2008-09 | കെ.എസ്.എ-<br>കെ.ടി.എം.പി12(അദാ-2018)-51(7)/16.02.2018 | 01 |
| 2009-10 | കെ.എസ്.എ-<br>കെ.ടി.എം.പി12(അദാ-2018)-51(8)/16.02.2018 | 02 |
| 2010-11 &<br>2011-12 | കെ.എസ്.എ-<br>കെ.ടി.എം.പി12(അദാ-2018)-51(9)/31.01.2018 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11-1655/2015/<br>30.03.2016 | 22 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11-340/2016/<br>31.03.2016 | 27 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3-175/2018/<br>09.04.2018 ശുദ്ധിപത്രം | - |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-737/2016/<br>20.10.2017 | 20 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1727/2017/<br>29.12.2017 | 21 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി12-89/2019/<br>17.10.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി12-1889/2019/<br>29.06.2020 | 35 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്